മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 നവംബർ 16

# വാർത്താക്കുറിപ്പ്

---

## ആംഗ്യഭാഷാ പരിശീലന കോഴ്സ്

മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റി (ഐ.ആർ.എൽ.ഡി.) യുടെയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റിഹാബിലിറ്റേഷൻറെയും (നിപ്മെർ) സംയുക്താഭിമുഖ്യത്തിൽ ദശദിന ആംഗ്യഭാഷാ പരിശീലന കോഴ്സ് ആരംഭിക്കുന്നു.

പ്ലസ് ടു യോഗ്യതയുള്ളവർക്ക് കോഴ്സിൽ പങ്കെടുക്കാം.

ആംഗ്യഭാഷ (സൈൻ ലാംഗ്വേജ്) സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ മനസിലാക്കാനും ആംഗ്യഭാഷയിൽ ആശയവിനിമയം നടത്താനും പരിശീലനം നൽകും. ഫോൺ -9946226638

(പി.ആർ.ഒ./39/1630/2022)

## പി.ജി പരീക്ഷകൾ ഡിസംബർ അഞ്ചു മുതൽ

അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ എം.കോം, എം.എസ്.സി, എം.എ, എം.സി.ജെ, എം.എസ്.ഡബ്ല്യു, എം.ടി.എ, എം.എം.എച്ച്, എം.ടി.ടി.എം (സി.എസ്.എസ്, 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി - ഡിസംബർ 2022) ബിരുദ പരീക്ഷകൾ ഡിസംബർ അഞ്ചിന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1631/2022)

## പരീക്ഷാഫലം

2021 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.ഡബ്ല്യു (2018,2017,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2015,2014,2013,2012 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 29 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

…………………………………

ഈ വർഷം ഏപ്രിൽ നടന്ന മൂന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്.സി. അപ്ലൈഡ് ഇലക്ട്രോണിക്സ് (റഗുലർ, സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ ഒന്നു വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

……………………………………

അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ്, 2018 അഡ്മിഷൻ റഗുലർ - മാർച്ച് 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഡിസംബർ ഒന്നിനകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

................................

ഈ വർഷം ജൂലൈയിൽ നടന്ന നാല്, എട്ട് സെമസ്റ്റർ ബി.എച്ച്.എം. (2012 അഡ്മിഷൻ) സ്പെഷ്യൽ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം നവംബർ 31നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1632/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**